# 96. പച്ചിലപ്പാമ്പ്

പ്രയോജനമോ രസമോ ഇല്ലാത്ത പലതും വായിച്ച് മനസ്സുമടുത്ത ഒരു ദിവസം, പ്രശസ്ത പ്രകൃതിനിരീക്ഷകനായ ശ്രീ എം. കൃഷ്ണൻ പച്ചിലപ്പാമ്പിനെപ്പററി എഴുതിയ ഒരു ലേഖനം കൈയിൽ കിട്ടിയപ്പോഠം എനിക്കു് ഉണ്ടായ സന്തോഷത്തിനു് അതിരില്ലായിരുന്നു.

ചെറുപ്പകാലത്തു് എൻെറ ഒരു കൂട്ടുകാരനായിരുന്നു ഈ ജന്തു. ഒരു ജന്തുവാണെന്നു മനസ്സിലാക്കാതെ, വേലിമേൽ പടർന്ന ഒരു വള്ളിയാണെന്നു കരുതി, അതിൻെറ കഴുത്തിൽ പിടിക്കാൻ ഞാൻ കൈനീട്ടിയിട്ടുണ്ടു്. അപ്പോഴാണു്, ശോഷിച്ച കഴുത്തിൽനിന്നു തള്ളിനില്ക്കുന്ന അതിൻെറ ത്രികോണാകൃതിയിലുള്ള തല വിലങ്ങനെ പിളർന്നതും, നേർത്തു് നീണ്ട, സൂക്ഷിച്ചു നോക്കിയാൽ മാത്രം പിളർപ്പു പ്രത്യക്ഷമാവുന്ന, അതിൻെറ നാവു പുറത്തേക്കു വന്നതും. അത്ര ചെറിയ ഒരു തലയിൽ അത്ര വലിയ ഒരു വായ് ഉണ്ടാവുകയെന്നതുതന്നെ അസാധാരണമാണു്. പച്ചിലപ്പാമ്പു് വായ് തുറക്കുമ്പോഠം, അതിൻെറ ചുവന്ന തൊണ്ട നമുക്കു സ്പഷ്ടമായി കാണാം.

പാമ്പു് വായ് തുറന്നതു് എന്നെ ഭയപ്പെടുത്തിയില്ല. പക്ഷേ, എൻെറ കൂടെയുണ്ടായിരുന്ന മുതിന്ന കൂട്ടുകാരൻ അതുകണ്ടു പേടിച്ചു നിലവിളിച്ചു. അടുത്ത നിമിഷത്തിൽ പച്ചിലപ്പാമ്പു് വേലിയിൽനിന്നു പറക്കുകയും, ഞങ്ങളുടെയെല്ലാം കണ്ണുകളിൽ കൊത്തുകയുംചെയ്യുമെന്നായിരുന്നു കൂട്ടുകാരൻെറ ഭയം. പച്ചിലപ്പാമ്പു് വളരെ വിഷമുള്ള ഒരു ജന്തുവാണെന്നും, അതിൻെറ കടിയേററവരെല്ലാം മരിക്കുകയേ ഉള്ളുവെന്നും, നാട്ടിൻ പുറത്തുകാർ പറഞ്ഞുവന്നിരുന്നു. പക്ഷേ, പാമ്പുകടിച്ചു മരിച്ചിരുന്ന അനേകം നിർഭാഗ്യർക്കിടയിൽ പച്ചിലപ്പാമ്പിൻെറ കടിയേററു മരിച്ച ഒരാളുടെയെങ്കിലും പേരു് ആരും ഇന്നോളം പറയുകയുണ്ടായിട്ടില്ല.

ആ പച്ചിലപ്പാമ്പിനെപ്പററിയാണു് ഇപ്പോഠം ശ്രീ കൃഷ്ണൻ എഴുതിയിരിക്കുന്നതു്. അന്നൊക്കെ എൻെറ വീട്ടിൻെറ മുൻവശത്തുള്ള അരിപ്പൂച്ചെടി വേലിമേൽ ഒരു പച്ചിലപ്പാമ്പു് (അതോ, പച്ചിലപ്പാമ്പിൻെറ ഒരു കുടുംബമോ?) സ്ഥിരമായി പാർത്തിരുന്നു. മിക്കവാറും എല്ലാ ദിവസവും ഞാൻ അതിനെ കാണാറുമുണ്ടായിരുന്നു. ഇന്നു് എങ്ങും വേലിയില്ല; മതിലേയുള്ളു. ഒരു പച്ചിലപ്പാമ്പിനെ കാണണമെന്നു തോന്നിയാൽ നാം എവിടെ പോകാനാണു്?

ഇന്നു നമുക്കു പലതും കാണാൻ കിട്ടാതായിരിക്കുന്നു. പകരം അവയെ പുസ്തകങ്ങളിലൂടെ സാക്ഷാൽകരിക്കേണ്ടിവന്നിരിക്കുന്നു. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽപ്പാട്ടുകളിലെ സദ്യവർണ്ണനകളിൽ പേരെടുത്തു പറയുന്ന അനേകമനേകം ഭക്ഷ്യവിഭവങ്ങളുടെ രുചി ഇന്നത്തെ തലമുറ എങ്ങനെ അറിയാനാണു്? വല്ല 'പാചകചിന്താമണി'കളിലും അവയെപ്പററി വായിക്കാമെന്നല്ലേയുള്ളൂ? നമ്മുടെ ചുററും ജീവിച്ചുപോന്ന പല ജീവികളുടെയും സ്ഥിതിയും അതുപോലെയായിട്ടുണ്ടു്. ചിത്രം പുസ്തകങ്ങളിൽ കണ്ടുവേണം അവയെപ്പററി നാം മനസ്സിലാക്കാൻ എന്നു വന്നിരിക്കുന്നു.

പച്ചിലപ്പാമ്പിനു് വളരെ നീളമുണ്ടു്. 'ഒരു മീറററിലേറെ' എന്നാണു് ലേഖനത്തിൽ കാണുന്നതു്. വേലിമേൽ വെച്ചു് അതിൻെറ നീളം കണക്കാക്കുക പ്രയാസം; കാരണം വള്ളികഠംക്കിടയിൽ വളഞ്ഞും മടങ്ങിയും, അതിൻെറ ശരീരം അററമില്ലാതെ നീണ്ടുപോകുന്നതായി

തോന്നും. ശരീരത്തിന്റെ മുൻഭാഗവും പിൻഭാഗവും നന്നേ ശോഷിച്ചാണ്. നടുഭാഗത്തിനേ അല്പം പുഷ്ടിയുള്ളു. പുറം നല്ല പച്ചയാണ്, ഇളംപുല്ലിന്റെ നിറം. വയറുഭാഗത്ത് ഈ പച്ചയോട് അല്പം വെള്ളയോ മഞ്ഞയോ കലർന്നിരിക്കും. ഈ രണ്ടു നിറങ്ങളേയും നെടുകെ വിഭജിക്കുന്ന ഒരു വെള്ള രേഖയും കാണാം. വലിയ കണ്ണുകൾ; സ്വർണപ്പൊടികളുള്ളതുപോലെ അവ തിളങ്ങും. കൃഷ്ണമണികൾ ഉരുണ്ടല്ല, വിലങ്ങനെ നീണ്ടാണ്.

പച്ചിലപ്പാമ്പു കടിച്ചാൽ മനുഷ്യൻ മരിക്കുകയില്ല, എന്നതാണ് നാം മനസ്സിലാക്കേണ്ട മുഖ്യ സംഗതി. അതിന്റെ വിഷപ്പല്ലുകൾ കടവായിൽ വളരെ പിന്നോട്ടു നീങ്ങിയാണ്. ചെറിയ ജന്തുക്കൾ—വല്ല മരത്തവളയോ, ഗൗളിയോ, മറ്റോ അതിന്റെ വിഷമേറ്റാൽ മരിച്ചുവെന്നുവരും. ഇത്തരം ജന്തുക്കളെ കടിച്ചുമയക്കിയോ കൊന്നോ ആണ് പച്ചിലപ്പാമ്പ് ആഹാരകൃത്യം നിർവഹിക്കുന്നത്. എന്നാൽ, മനുഷ്യരുടെ ശരീരത്തിൽ കടിയേല്പിക്കാൻ പറ്റാത്ത വിധത്തിലാണ് പച്ചിലപ്പാമ്പിന്റെ താടിയുടെ ഘടന. ഇനി വിരൽത്തുമ്പിലെങ്ങാൻ കടിച്ചാൽ തന്നെ, അല്പമൊരു ചൊറിച്ചിൽ കുറേ നേരത്തേക്കു കണ്ടേക്കാമെന്നല്ലാതെ, മനുഷ്യർക്കു മററു ദോഷമൊന്നും സംഭവിക്കാനില്ല.

ചെടികളുടെ ചെറിയ കമ്പുകളിലും ഇലകളിലും ശരീരഭാരം അപ്പിച്ചു വളരെ വേഗത്തിൽ നീങ്ങാൻ പച്ചിലപ്പാമ്പിനു കഴിവുണ്ട്. നിങ്ങൾ നോക്കിയിരിക്കേ അത് അപ്രത്യക്ഷമാവുന്നു. പച്ചിലപ്പാമ്പു പറക്കുമെന്ന ധാരണ, അതിന്റെ ഗതിവേഗത്തിൽനിന്ന് ഉണ്ടായതാവാം. പക്ഷേ, നിലത്ത് അതിനു പതുക്കയേ ഇഴയാൻ കഴിയൂ? വള്ളികൾപോലെ ഒടിഞ്ഞും മടങ്ങിയുമല്ലാതെ, മററു പാമ്പുകളെപ്പോലെ ചുറഞ്ഞ് പച്ചിലപ്പാമ്പു കിടക്കാറില്ല.

മൂർഖനെപ്പോലെ മുട്ടയിട്ടു വിരിയിക്കുകയല്ല, അണലിയെപ്പോലെ കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് പച്ചിലപ്പാമ്പു ചെയ്യുന്നത്. അതിന്റെ ഒരു പ്രസവത്തിൽ, ആറോ അതിലധികമോ കുഞ്ഞുങ്ങൾ ഉണ്ടാവാറുണ്ടെന്ന് ശ്രീ കൃഷ്ണൻ പറയുന്നു. യഥാർത്ഥത്തിൽ പച്ചിലപ്പാമ്പിന്റെ കുഞ്ഞുങ്ങൾ പിറക്കുന്നതു മുട്ടയ്ക്കുകത്തുതന്നെയാണ്. മുട്ടകൾ തള്ളയുടെ ശരീരത്തിനകത്തുവെച്ചുതന്നെ പ്രായപൂർത്തി നേടി വിരിയുന്നു എന്നേ ഉള്ളൂ. വളർച്ചയെത്തിയ കുഞ്ഞുങ്ങളെയാണു പ്രസവിക്കുന്നത് എന്നതിനാൽ പച്ചിലപ്പാമ്പുകൾക്ക് ഗൃഹസ്ഥജീവിതത്തിനു കൂടുകൂട്ടേണ്ട ആവശ്യമില്ല.

പത്തിയില്ലെങ്കിലും, കോപിക്കുമ്പോൾ പച്ചിലപ്പാമ്പിന്റെ മെലിഞ്ഞ കഴുത്തും നെഞ്ചും വീർക്കും; അപ്പോൾ അതിന്റെ പച്ചത്തൊലിയിലെ ചെതുമ്പലുകൾക്കിടയിൽ കറുപ്പും വെളുപ്പും വരകൾകൊണ്ടുള്ള വലക്കെട്ടു തെളിഞ്ഞുകാണുകയുംചെയ്യും.

ഒരു ബാല്യകാലസുഹൃത്തിനെ ശ്രീ കൃഷ്ണന്റെ ലേഖനത്തിലൂടെ വീണ്ടും കണ്ടപ്പോൾ, പെട്ടെന്നുണ്ടായ ആഹ്ലാദമാണ് ഈ കുറിപ്പെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. ഇതു വായിക്കുന്ന നിങ്ങളിൽ എത്ര പേർ ഈ മനോഹരമായ ജന്തുവിനെ കണ്ടിരിക്കും? കണ്ടിട്ടുള്ളവർക്ക് ഈ കുറിപ്പ്, അതെത്ര അപര്യാപ്തമെങ്കിലും, സന്തോഷകരമായിരിക്കുമെന്നതിൽ എനിക്കു സംശയമില്ല. ഇതു വായിക്കുന്ന നിങ്ങളിൽ, പച്ചിലപ്പാമ്പിനെ കാണാത്തവർ ഉണ്ടെങ്കിൽ, ചുററും അവശേഷിച്ചിട്ടുള്ള കാടുകളിലും പൊന്തകളിലും വേലികളിലും സൂക്ഷിച്ചു നോക്കുന്ന ശീലം അവർ വളത്തിയെടുക്കട്ടെ. പച്ചിലപ്പാമ്പുകൾക്കു വംശനാശം സംഭവിച്ചതായി ഇനിയും അറിവായിട്ടില്ല. ഭാഗ്യമുള്ളവർക്കു സ്വന്തം പാർപ്പിടത്തിൽനിന്നും വളരെയൊന്നും അകലെയല്ലാതെ, ഇക്കാലത്തും അതിനെ

കാണാൻ കിട്ടിയേക്കും. ഒരിക്കൽ നല്ലപോലെ കണ്ടവർ ആരും പച്ചില പ്ലാമ്പിനെ പിന്നെ ജീവനുള്ള കാലമത്രയും മറക്കുമെന്നു ഞാൻ കരുതുന്നില്ല. ഓർമയുടെ ബാങ്കിൽ ഒരു സ്ഥിരനിക്ഷേപമായി അതു നിങ്ങളുടെ ജീവിതത്തെ എന്നും സമ്പന്നമാക്കിക്കൊണ്ടിരിക്കും.

(4 മെയ്, 1986)

# 97. ചെത്തിലപ്പട്ടികൾ

തലക്കെട്ട് എഴുതിക്കഴിഞ്ഞപ്പോൾ ഒരു സംശയം: 'അലഞ്ഞുതിരിയുന്ന നായ്ക്കൾ' എന്നു, ഉദ്ദിഷ്ടമായ, അർത്ഥം ആ സമസ്തപദത്തിനുണ്ടോ? 'മുറിച്ചിട്ട (ചെത്തിയ) ഇല' എന്നോ മറ്റോ ആയിരിക്കേണ്ടേ 'ചെത്തില' എന്ന പദത്തിനർത്ഥം? അതിനും പട്ടിക്കും തമ്മിൽ എന്തു ബന്ധം?

'ചൊക്ലിപ്പട്ടികൾ' എന്നു വാക്കാണു ഞങ്ങൾ, തൃശ്ശൂർക്കാർ, മുമ്പ് ഈ അർത്ഥത്തിൽ ഉപയോഗിച്ചിരുന്നത്. കൂടെക്കൂടെ കല്ലേറുകൊള്ളേണ്ട ഉദ്യോഗമാണല്ലോ അലഞ്ഞുതിരിയുന്ന നായ്ക്കളുടേതു്. കല്ലേറ് ഏല്ക്കുന്ന പട്ടിയുടെ കരച്ചിലിന്റെ അനുകരണമാണ് 'ചൊക്ലി' എന്നതു് എന്നായിരുന്നു ഞങ്ങളുടെ വിശ്വാസം.

മയ്യഴിക്കടുത്തുള്ള 'ചൊക്ലി' എന്ന സ്ഥലത്തെപ്പറ്റി പിന്നീട് അറിയാനിടയായി. തെണ്ടിപ്പട്ടികളുടെ കേന്ദ്രമല്ല ഈ പ്രദേശമെന്ന്, അനുഭവത്തിൽനിന്നു മനസ്സിലായി. അനുഗൃഹീത ചിത്രകാരനും പ്രശസ്ത ചൊക്ലിക്കാരനുമായ ശ്രീ എം. വി. ദേവൻ എന്റെ സുഹൃത്തും സഹപ്രവർത്തകനുമായിത്തീർന്നു. 'ചൊക്ലിപ്പട്ടികൾ' എന്ന പഴയ, തൃശ്ശൂർ പേരു് തുടർന്നു് ഉപയോഗിക്കുന്നതിൽ ഇതെല്ലാം പ്രതിബന്ധങ്ങളായി. ആ സ്ഥാനത്തു് ഉപയോഗിക്കാൻ കോഴിക്കോട്ടുനിന്നു കിട്ടിയതു് 'ചെത്തിലപ്പട്ടികൾ' എന്ന പദമാണ്. അർത്ഥത്തിൽ പ്രകടമായ പൊരുത്തക്കേടുണ്ടെങ്കിലും, ഇപ്പോഴും ആ പദംതന്നെ ഉപയോഗിക്കേണ്ടിയിരിക്കുന്നു. കാരണം, 'ഉടമസ്ഥനില്ലാതെ അലഞ്ഞുതിരിയുന്ന നായ്ക്കൾ' എന്ന വലിയ തലക്കെട്ട് ഒരു ചെറിയ കുറിപ്പിനു പറ്റുകയില്ലല്ലോ.

ചെത്തിലപ്പട്ടികളുടെ ഉപദ്രവം ധാരാളമുള്ള പ്രദേശമാണ് കൊല്ലം നഗരം. പുലർവേളയിൽ തേവള്ളിപ്പാലത്തിൽനിന്നുകൊണ്ട് അഷ്ടമുടിക്കായലിലെ സൂര്യോദയം കാണുക ദിവ്യമായ ഒരനുഭവമാകുന്നു. പക്ഷേ, ആ സമയത്തു് എങ്ങനെയാണ് അങ്ങോട്ടു നടന്നെത്തുക? വഴിനീളെ ചെത്തിലപ്പട്ടികളാണ്. ടാറിട്ട റോഡുവിട്ട് ഇടവഴികളിലേക്കു തിരിഞ്ഞാൽപ്പിന്നെ പറയുകയും വേണ്ട!

അതു പുറത്തിറങ്ങിയാലത്തെ കഥ. കൊല്ലത്തു ഞങ്ങൾ താമസിക്കുന്ന വീട്ടിന്റെ മുൻവശത്തുള്ള തുറന്ന പോർച്ച് ഏതാനും ചെത്തിലപ്പട്ടികളുടെ പാർപ്പിടമാണ്. മഴ തുടങ്ങിയാൽ അവ അവിടെ ഒത്തുകൂടും: സുന്ദരിയായ ഒരു നാടൻ പട്ടിയും അവളുടെ പല കാമുകന്മാരും. പട്ടിയെക്കൊണ്ടു കുഴപ്പമില്ല; അവൾ ആരെ കണ്ടാലും വാലാട്ടി സ്നേഹം നടിച്ചു നിൽക്കുകയേയുള്ളു. എന്നാൽ, കാമുകന്മാരുടെ സ്ഥിതി അതല്ല. അക്കൂട്ടത്തിൽ കറുത്ത ഒരു കൂറ്റൻ നായയുണ്ട്. ഞങ്ങളുടെയെല്ലാം നേരേ അവൻ കുരച്ചുചാടും. വീടു തന്റേതാണെന്നാണ് അവന്റെ ഭാവം. പിന്നെ,